# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2472** 07.02.2019-**ൽ മറുപടിക്ക്**

വൈദ്യുതി ബോർഡിന് കീഴിൽ പ്രത്യേക നിർമ്മാണ കമ്പനി

| | ചോദ്യം<br>ശ്രീ. ടി.എ. അഹമ്മദ് കബീർ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നവകേരള നിർമ്മാണമുൾപ്പെടെ സംസ്ഥാനത്തെ വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിന് വൈദ്യുതി ബോർഡിന് കീഴിൽ പ്രത്യേക നിർമ്മാണ കമ്പനി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാന സർക്കാരിന്റെ കീഴിലെ വിവിധ വകുപ്പുകളിലെയും പൊതുമേഖലയിലുമുള്ള നിരവധി വിവിധോദ്ദേശങ്ങളായ നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണ കൺസൽട്ടൻസി സേവനങ്ങൾക്കായി കെ.എസ്.ഇ.ബി.എല്ലിന്റെ കീഴിൽ ഒരു സബ്സിഡിയറി കമ്പനി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ഡാമുകളിലും പരിസരത്തുമുള്ള ഹൈഡൽ ടൂറിസം പദ്ധതിക്ക് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്; വ്യക്തമാക്കാമോ; | (ബി) | ഡാം കേന്ദ്രീകരിച്ചുള്ള ടൂറിസം പ്രവർത്തനങ്ങൾ വഴി കേരളത്തിലേയ്ക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിച്ച് ടൂറിസം മേഖല പരിപോഷിപ്പിക്കുക എന്നതാണ് കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ പ്രധാന ഉദ്ദേശം. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഇടുക്കി, നാടുകാണി, മാട്ടുപ്പെട്ടി, ആനയിറങ്കൽ, ശെങ്കുളം കുണ്ടള, എക്കോപോയിന്റ് ഹൈഡൽപാർക്ക്, മൂന്നാർ, വയനാട്ടിലെ ബാണാസുരസാഗർ, തിരുവനന്തപുരത്തെ ലോവർ മീൻമുട്ടി, നിലമ്പൂരിലെ ആഢ്യൻപാറ എന്നീ ഡാമുകളിലാണ് ഹൈഡൽ ടൂറിസം നടപ്പാക്കി വരുന്നത്. |
| (സി) | സോളാർ പാനൽ സ്ഥാപിച്ച് 500 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് വൈദ്യുതി ബോർഡും അനെർട്ടുമായി ചേർന്ന് കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഉദ്ദേശിക്കുന്നുണ്ട്. വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരളം പദ്ധതിയിൽ സോളാർ വൈദ്യുതി ഉത്പ്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "സൗര". ഇതിൽ 500 മെഗാവാട്ട് പുരപ്പുറ പദ്ധതി കേരള സംസ്ഥാന വൈദ്യുതി ബോർഡും അനർട്ടും സംയുക്തമായാണ് നടപ്പിലാക്കുന്നത്. ഇതിനായുള്ള സംയുക്ത സംരംഭം രൂപീകരിക്കുന്നതിന്റെ പ്രാഥമിക ജോലികൾ നടന്നു വരുന്നു. |

Hemalatha

സെക്ഷൻ ഓഫീസർ